# എംഎസ്‌സി ഏരീസ് കപ്പലിലെ ഇന്ത്യൻ വനിതാ കേഡറ്റ് നാട്ടിൽ തിരിച്ചെത്തി

ഏപ്രിൽ 18, 2024

ടെഹ്‌റാനിലെ ഇന്ത്യൻ മിഷന്റെയും ഇറാൻ സർക്കാരിന്റെയും സംയുക്ത പരിശ്രമത്തിൽ, ചരക്ക് കപ്പലായ എംഎസ്‌സി ഏരീസിലെ ഇന്ത്യൻ ജീവനക്കാരിൽ ഒരാളായ കേരളത്തിലെ തൃശൂർ സ്വദേശിനി ഇന്ത്യൻ ഡെക്ക് കേഡറ്റ് ശ്രീമതി ആൻ ടെസ ജോസഫ് ഇന്ന് ഉച്ചതിരിഞ്ഞ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ സുരക്ഷിതമായി എത്തിച്ചേർന്നു. വിമാനത്താവളത്തിൽ കൊച്ചിൻ റീജിയണൽ പാസ്‌പോർട്ട് ഓഫീസറുടെ നേതൃത്വത്തിൽ ശ്രീമതി ടെസയെ സ്വീകരിച്ചു.

2. ചരക്ക് കപ്പലിലെ മറ്റ് 16 ഇന്ത്യക്കാരുടെ മോചനത്തിനുള്ള ശ്രമങ്ങൾ ടെഹ്‌റാനിലെ ഇന്ത്യൻ മിഷൻ തുടരുകയാണ്. ജീവനക്കാർക്ക് ആരോഗ്യ ആരോഗ്യ പ്രശ്നങ്ങളൊന്നും ഇല്ല, ഇന്ത്യയിലെ കുടുംബാംഗങ്ങളുമായി അവർ ബന്ധപ്പെടുന്നുണ്ട്

3. എംഎസ്‌സി ഏരീസിലെ ശേഷിക്കുന്ന ജീവനക്കാരുടെ ക്ഷേമം ഉറപ്പാക്കുന്നതിൽ ഇറാൻ അധികാരികളുമായി ഇന്ത്യൻ മിഷൻ ചർച്ചകൾ നടത്തിവരുന്നുണ്ട്. നേരത്തേ, വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കർ ഇറാൻ വിദേശകാര്യ മന്ത്രി ആമിർ അബ്ദുള്ളഹിയാനുമായി വിഷയം സംസാരിച്ചിരുന്നു.

**ന്യൂഡൽഹി**
**ഏപ്രിൽ 18, 2024**